# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

## മിനിമം വേതനം പുതുക്കൽ

6874

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, പാലോട് രവി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ തൊഴിൽ മേഖലയിലും മിനിമം വേതനം സമയബന്ധിതമായി പൂർത്തിയാക്കാൻ ഉപദേശക സമിതിയെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) മിനിമം വേതനം പുതുക്കുന്നതിന് കാലതാമസം ഉണ്ടായാൽ മുൻകാല പ്രാബല്യത്തോടെ മിനിമം വേതനം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ശരണ്യ തൊഴിൽ പദ്ധതി</u>

6875 ശ്രീ. സണ്ണി ജോസഫ്
'' എം. പി. വിൻസെന്റ്
'' ഡൊമിനിക് പ്രസന്റേഷൻ
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശരണ്യ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(ബി) ആർക്കെല്ലാമാണ് പ്രസ്തുത പദ്ധതിയിൽ അംഗമാകാൻ അർഹതയുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് പദ്ധതി വഴി ലഭ്യമാകുന്നത്; വിശദമാക്കുമോ;

(ഡി) ആനുകൂല്യങ്ങളും സഹായങ്ങളും യഥാസമയം ലഭ്യമാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>വ്യവസായ തൊഴിലാളികളുടെ അധിക ക്ഷാമബത്ത</u>

6876 ശ്രീ. സി. ദിവാകരൻ
'' ചിറ്റയം ഗോപകുമാർ
'' ഇ. കെ. വിജയൻ
'' ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ തൊഴിലാളികൾക്ക് നൽകേണ്ട അധിക ക്ഷാമബത്ത നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ മുതൽ നൽകിതുടങ്ങുമെന്ന് വ്യക്തമാക്കുമോ;

(ബി) ഒരു മാസത്തിനുള്ളിൽ പുതുക്കിയ ക്ഷാമബത്ത പ്രഖ്യാപിച്ച് നടപ്പിലാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവുണ്ടായിട്ടുണ്ടോ; മാസങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത ഉത്തരവ് പാലിക്കപ്പെട്ടില്ലെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) തൊഴിലാളികൾക്ക് ലഭിക്കേണ്ട അധിക ക്ഷാമബത്ത സമയബന്ധിതമായി നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

6877 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലും പുനരധിവാസവും വകുപ്പുമുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഓരോ കേന്ദ്രാവിഷ്കൃത പദ്ധതി മുഖേനയും 2011-2012 -ലും 2012-13-ലും 2013-14-ലും എത്ര തുക വീതം ലഭിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഓരോ കേന്ദ്രാവിഷ്കൃത പദ്ധതി മുഖേനയും 2011-2012 ൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനത്തിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) 2012-2013-ൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) 2013-2014-ൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>തൊഴിൽവകുപ്പ് കാലോചിതമായി പരിഷ്ക്കരിച്ച് കാര്യക്ഷമമാക്കുന്നതിന് നടപടി</u>

6878 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുഭരണ പരിഷ്ക്കാര വകുപ്പ് (പി & എ ആർ ഡി) തൊഴിൽ വകുപ്പിന്മേൽ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) വർഷങ്ങൾക്കുമുമ്പ് നിർണ്ണയിക്കപ്പെട്ട കാലോചിതമല്ലാത്ത സ്റ്റാഫ് ഘടനയും സംവിധാനങ്ങളും ശാസ്ത്രീയമായി പുന:ക്രമീകരിക്കണമെന്ന് പ്രസ്തുത റിപ്പോർട്ടിൽ പരാമർശമുണ്ടോ ;

(സി) തൊഴിൽ വകുപ്പ് കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

'നൈപുണ്യം സമ്മിറ്റ് 2014'

6879 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'നൈപുണ്യം സമ്മിറ്റ് 2014' എന്ന പരിപാടിയിൽ ഉൾപ്പെടുത്തുന്നതിലേക്ക് ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചിരുന്നുവോ :

(ബി) എങ്കിൽ അതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

ഐ. ടി. മേഖലയിലെ തൊഴിൽ നിയമലംഘനങ്ങൾ

6880 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി. മേഖലയിലെ തൊഴിൽ നിയമലംഘനങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) എവിടെയെല്ലാമാണ് തൊഴിൽ ലംഘനങ്ങൾ നടക്കുന്നത് ;

(സി) തൊഴിൽ ലംഘനം നടത്തിയതിന്റെ പേരിൽ എത്ര നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

6881 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിനു കീഴിൽ എത്ര സാങ്കേതിക വിദ്യാഭ്യസ സ്ഥാപനങ്ങളാണ് ഉള്ളതെന്നും ഇവ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ;

(ബി) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഇവ ഏതൊക്കെ തസ്തികകളിലാണെന്നും വിശദമാക്കാമോ;

(സി) ഈ സർക്കാർ നിലവിൽ വന്ന ശേഷം തൊഴിൽ വകുപ്പിനു കീഴിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളെന്നും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>ആരംഭിച്ചതും അടച്ചുപൂട്ടിയതുമായ ഐ.റ്റി.ഐ. കൾ</u>

6882 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചതും അടച്ചുപൂട്ടിയതുമായ ഐ.റ്റി.ഐ. കളുടെ വിശദവിവരം നല്കുമോ;

(ബി) കാലോചിതമായ കോഴ്സുകളോടുകൂടിയ ഐ.റ്റി.ഐ. കൾ വ്യാപിപ്പിക്കുന്നതിനും കൂടുതൽ ഐ.റ്റി.ഐ. കൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിലുള്ള നിലപാടും നയവും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

ഐ. ടി.ഐ. കൾക്ക് സ്വന്തമായി കെട്ടിടങ്ങളും
അനുബന്ധ സൗകര്യങ്ങളും

6883 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം അനുവദിച്ച എത്ര ഐ. ടി.ഐ. കൾക്ക് സ്വന്തമായി കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഐ. ടി. ഐ. കൾക്ക് അടിസ്ഥാനസൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ഐ. ടി. ഐ. ഇൻസ്ട്രക്ടർമാരുടെ ശമ്പളം</u>

6884 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. ഐ. ഇൻസ്ട്രക്ടർമാരുടെ ശമ്പളവും തസ്തികയുടെ പേരുകളും പുതുക്കി നിശ്ചയിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐ. ടി. ഐ. ഇൻസ്ട്രക്ടർമാർക്ക് കേന്ദ്ര സ്കെയിൽ നൽകണമെന്ന ബഹു. ഹൈക്കോടതി വിധിയുടെ മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സമാനമായ മറ്റു മേഖലകളെ അപേക്ഷിച്ച് ഐ. ടി. ഐ. ഇൻസ്ട്രക്ടർമാരുടെ ജോലിഭാരം കൂടുതലും ശമ്പള സ്കെയിലിലെ കുറവും കാരണം ഇൻസ്ട്രക്ടർമാർ ജോലി ഉപേക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഐ. ടി. ഐ. കളിലെ ജോലിഭാരം പരിഗണിച്ച് ജീവനക്കാരുടെ ശമ്പള സ്കെയിൽ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

ആറ്റിങ്ങൽ ഗവൺമെന്റ് ഐ. ടി.ഐ.

6885 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവൺമെന്റ് ഐ. ടി.ഐ. യിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പുതിയ കോഴ്സുകൾ അനുവദിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) പുതിയ കെട്ടിടത്തിന് വേണ്ടിയുള്ള പ്രൊപ്പോസലിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കുവേണ്ടിയുള്ള കോച്ചിംഗ് കം ഗൈഡൻസ് സെന്ററുകൾ</u>

6886 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കുവേണ്ടി കോച്ചിംഗ്-കം-ഗൈഡൻസ് സെന്ററുകൾ എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളത്;

(ബി) കോച്ചിംഗ്-കം-ഗൈഡൻസ് സെന്ററുകൾ എല്ലാ താലൂക്കുകളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ക്ഷേമനിധി പെൻഷനുകളുടെ കുടിശ്ശിക</u>

6887 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കർഷകതൊഴിലാളി പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമനിധി പെൻഷനുകളുടെ കുടിശ്ശിക എന്ന് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>സാമൂഹ്യസുരക്ഷാ പദ്ധതികളും ഇതരക്ഷേമ പദ്ധതികളും</u>

6888 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ളതായ സാമൂഹ്യ സുരക്ഷാ പദ്ധതികളും ഇതര ക്ഷേമ പദ്ധതികളും ഏതെല്ലാമെന്നുള്ള വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇത്തരം പദ്ധതികൾക്കായി കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

ക്ഷേമനിധികളിലെ വ്യാജ അംഗത്വം

6889 ശ്രീ. കെ. ശിവദാസൻ നായർ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധികളിൽ വ്യാജ അംഗത്വമുള്ളവരെ കണ്ടുപിടിക്കുവാൻ സംവിധാനമുണ്ടോ; വിശദമാക്കുമോ;

(ബി) ക്ഷേമനിധികളിലെ വ്യാജ അംഗത്വം കണ്ടുപിടിച്ച് റദ്ദ് ചെയ്യാൻ എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ആധാർ കാർഡുകളുമായി ക്ഷേമനിധി അംഗങ്ങളെ ബന്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>വിവിധ ക്ഷേമനിധി ബോർഡുകളുടെ സംയോജനം</u>

6890 ശ്രീ. വി. റ്റി. ബൽറാം
'' പാലോട് രവി
'' വി. ഡി. സതീശൻ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവധ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഒന്നിലധികം ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായവരുടെ അംഗത്വം റദ്ദാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ട് -
അനുമതിയില്ലാതെ തുക വകമാറ്റൽ

6891 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫണ്ടിൽ നിന്നും ബോർഡിന്റെ അനുമതിയില്ലാതെ പണം ട്രഷറിയിലേക്ക് മാറ്റിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>നിർമ്മാണ തൊഴിലാളികളുടെ ക്ഷേമനിധി പെൻഷൻ</u>

6892 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളിക്ഷേമ നിധിയിൽ രജിസ്റ്റർ ചെയ്യുന്നതിന് ആധാർ കാർഡും അക്ഷയ രജിസ്ട്രേഷനും ബാങ്ക് അക്കൗണ്ടും നിർബന്ധമാക്കിയതിന്റെ ഫലമായി എത്ര തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വം നഷ്ടപ്പെട്ടിട്ടുണ്ട്;

(ബി) അഞ്ചുവർഷത്തിൽകൂടുതൽ സർവ്വീസുള്ള തൊഴിലാളികൾക്ക് നിലവിൽ കിട്ടിക്കൊണ്ടിരുന്ന പെൻഷൻ കുറച്ചിട്ടുണ്ടോ;

(സി) എല്ലാവരുടെയും പെൻഷൻ 500/- രൂപയായി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഇതുമൂലം പെൻഷൻ നഷ്ടം സംഭവിച്ചിട്ടുള്ള തൊഴിലാളികൾക്ക് അത് പുനഃസ്ഥാപിച്ചു നൽകുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ;

(ഇ) ക്ഷേമനിധി അംഗങ്ങൾ രോഗംമൂലമോ മതിയായ കാരണങ്ങളാലോ അംശദായം അടക്കുന്നതിൽ വീഴ്ച വരുത്തിയാൽ അംഗത്വം പുനഃസ്ഥാപിച്ചുകൊടുക്കുന്നതിനുള്ള വ്യവസ്ഥകളുണ്ടോ; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>നിർമ്മാണതൊഴിലാളി ക്ഷേമനിധി ബോർഡിനു വേണ്ടി സെസ് തുക നിർണ്ണയിക്കൽ</u>

6893 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണതൊഴിലാളി ക്ഷേമനിധി ബോർഡിനു വേണ്ടി സെസ് തുക നിർണ്ണയിച്ച് പിരിച്ചെടുക്കുന്നതിന് നിലവിൽ വകുപ്പിലുള്ള ജീവനക്കാരുടെ എണ്ണം അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) തൊഴിൽ വകുപ്പിൽ ഒന്നാം ഗ്രേഡ് അഡീഷണൽ ലേബർ ഓഫീസർമാരുടെ അധികമായ തസ്തിക സൃഷ്ടിച്ച് നിർമ്മാണതൊഴിലാളിക്ഷേമ ബോർഡിന് കൈമാറുന്നതിനുള്ള ശുപാർശ ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ടോ;

(സി) ആയതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) നിർമ്മാണതൊഴിലാളി ക്ഷേമസെസ് ഈടാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള വീടുകളുടെയും മറ്റും നിർമ്മാണചെലവു തുകയുടെ പരിധി കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

## തൊഴിലാളി ക്ഷേമനിധി വിഹിതം

6894 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കുന്ന എല്ലാ വീടുകളും കെട്ടിടങ്ങളും തൊഴിലാളി ക്ഷേമനിധിയിലേക്ക് നിശ്ചിത തുക അടയ്ക്കാൻ നിഷ്ക്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്ക്വയർ ഫീറ്റിന് മുകളിലുള്ള വീടുകൾ/കെട്ടിടങ്ങൾക്കാണ് ഇത് ബാധകം എന്ന് വ്യക്തമാക്കുമോ;

(ബി) പണി പൂർത്തിയാക്കുന്ന വീടുകളുടെയും കെട്ടിടങ്ങളുടെയും വിവരം എങ്ങനെയാണ് ക്ഷേമനിധി ബോർഡ് മനസ്സിലാക്കുന്നത്;

(സി) പണി പൂർത്തിയായ വീടുകൾക്കും കെട്ടിടങ്ങൾക്കും ക്ഷേമനിധി ബോർഡ് തുക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; കെട്ടിടത്തിന്റെ ആഡംബര പണികൾക്ക് പ്രത്യേകം തുക ഈടാക്കാറുണ്ടോ;

(ഡി) ഇത്തരത്തിൽ പിരിച്ചെടുക്കുന്ന പണം എന്തൊക്കെ ആവശ്യത്തിനാണ് ക്ഷേമനിധി ബോർഡ് ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ; തൊഴിലിനിടെ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് ഇതിന്റെ വിഹിതം ലഭിക്കാറുണ്ടോ; എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത തുക അപകടത്തിൽപ്പെട്ട തൊഴിലാളികൾക്ക് നൽകാറുള്ളത്;

(ഇ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര രൂപ ക്ഷേമനിധിയിലേക്ക് ലഭിച്ചു; കഴിഞ്ഞ വർഷം എത്ര തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകി; തൊഴിലാളികൾക്ക് നൽകിയതിന്റെ ബാക്കി പണം എന്താവശ്യത്തിനാണ് ഉപയോഗിച്ചത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>പാചകത്തൊഴിലാളികൾക്ക് ക്ഷേമനിധി</u>

6895 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചകതൊഴിലാളി ക്ഷേമനിധി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) അനാരോഗ്യ അന്തരീക്ഷത്തിൽ ജോലി ചെയ്യാൻ നിർബന്ധിക്കപ്പെടുന്ന പാചകതൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്താനും തിരിച്ചറിയൽ കാർഡ് നൽകാനും നടപടി സ്വീകരിക്കാമോ;

(സി) ഭക്ഷണ ശാലകളിലെ പാചകതൊഴിലാളികളുടെ ആരോഗ്യ പരിശോധനക്ക് തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇവർക്ക് തൊഴിൽ വകുപ്പ് വഴി ഹെൽത്ത് കാർഡ് നൽകുന്ന കാര്യം പരിഗണിക്കാമോ?

**കേരള നിയമസഭ**
**10.07.2014-ലെ മറുപടിക്ക്**

<u>പരമ്പരാഗത തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

6896 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത തൊഴിലാളികളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര പീഢിത വ്യവസായങ്ങളാണ് ഉള്ളത്; അവ ഏതൊക്കെയാണ് ; ഈ മേഖലയിൽ ആകെ എത്ര തൊഴിലാളികൾ ഉണ്ട്; വ്യവസായം തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

തുണിക്കടകളിലെ വനിതാ ജീവനക്കാരുടെ പ്രശ്നങ്ങൾ

6897 ശ്രീ. റ്റി. എൻ. പ്രതാപൻ
'' വർക്കല കഹാർ
'' പി. സി. വിഷ്ണുനാഥ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുണിക്കടകളിലെ വനിതാ ജീവനക്കാർ നേരിടുന്ന തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനായി നിയമനിർമ്മാണം കൊണ്ടുവരുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവർ നേരിടുന്ന ചൂഷണം തടയാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) നിയമനിർമ്മാണ പ്രക്രിയയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ഷോപ്പുകളിലും മറ്റും ജോലി ചെയ്യുന്ന തൊഴിലാളികള്‍</u>

6898 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഷോപ്പുകളിലും മറ്റും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തൊഴിലാളികള്‍ക്ക് ലഭിക്കുന്ന മിനിമം കൂലി എത്ര രൂപയാണ്; മിനിമം കൂലി പുതുക്കി നിശ്ചയിക്കാന്‍ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത തൊഴിലാളികള്‍ക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങള്‍ എന്തൊക്കെയാണ്;

(ഡി) തൊഴില്‍ രംഗത്തെ ചൂഷണം ഒഴിവാക്കാന്‍ സ്വീകരിച്ച നടപടികള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന
അന്യ സംസ്ഥാനക്കാർ

6899 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പ്രദേശങ്ങളിലും മറ്റും ദിവസക്കൂലിക്ക് ധാരാളം അന്യ സംസ്ഥാനക്കാർ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും എത്തി ഇവിടെ തൊഴിലെടുക്കുന്നവർക്ക് രജിസ്ട്രേഷനോ, എംപ്ലോയ്മെന്റ് കാർഡോ മറ്റേതെങ്കിലും തരത്തിലുള്ള രേഖകളോ നൽകിയിട്ടുണ്ടോ;

(ബി) തൊഴിലാളികളെന്ന വ്യാജേന തീവ്രവാദികളും ക്രിമിനൽ കേസിലെ പ്രതികളും മറ്റും ഇവിടെ ഒളിവിൽ താമസിക്കുന്നതായുള്ള റിപ്പോർട്ടുകൾ തൊഴിൽവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലേബർ ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നവർക്കു മാത്രം പണിയെടുക്കാൻ കഴിയുന്ന തരത്തിൽ നിയമനിർമ്മാണം നടത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങള്‍ കാര്യക്ഷമമായി നേരിടാന്‍ നടപടി</u>

6900 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗുലാത്തി ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാന്‍സ് ആന്റ് ടാക്സേഷന്‍ നടത്തിയ പഠനപ്രകാരം സംസ്ഥാനത്ത് 25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികള്‍ ഉണ്ടെന്നുള്ള വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വകുപ്പില്‍ പ്രത്യേകമായ വിഭാഗം ഇവര്‍ക്കായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) നിലവില്‍ അന്യസംസ്ഥാന തൊഴിലാളികളുടെ തൊഴില്‍ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വകുപ്പിന്റെ ഇടപെടല്‍ കാര്യക്ഷമമാണെന്ന് കരുതുന്നുണ്ടോ ;

(ഡി) ഇല്ലെങ്കില്‍ ഇത് കാര്യക്ഷമമാക്കുന്ന തരത്തില്‍ വകുപ്പിനെ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ വിവരം</u>

6901 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് 25 വർഷം പിന്നിട്ടവർ അഥവാ 40 വയസ്സ് കഴിഞ്ഞവർ എത്രപേരുണ്ട്; ഓരോ എക്സ്ചേഞ്ചും തിരിച്ച് സ്ത്രീ എത്ര, പുരുഷൻ എത്ര, എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന എത്ര പേർക്ക് തൊഴിൽ നൽകി; ഓരോ എക്സ്ചേഞ്ചും തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനത്ത് പുതിയതായി എത്രപേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഓരോ എക്സ്ചേഞ്ചുകളും തിരിച്ച് സ്ത്രീ എത്ര, പുരുഷൻ എത്ര എന്ന കണക്ക് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

**പട്ടികജാതിക്കാർക്കുള്ള എംപ്ലോയ്മെന്റ് എൻഹാൻസ്മെന്റ് പ്രോഗ്രാം**

6902 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്കുള്ള എംപ്ലോയ്മെന്റ് എൻഹാൻസ്മെന്റ് പ്രോഗ്രാം എന്താണെന്ന് വിശദീകരിക്കുമോ;

(ബി) പട്ടികജാതി സംവരണ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേകമായി പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടോയെന്ന് വിശദീകരിക്കുമോ;

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

**കൊട്ടാരക്കര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തവരെ സംബന്ധിച്ച വിവരം**

6903 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്ത് 25 വർഷം പൂർത്തിയായ തൊഴിലന്വേഷകരെ സംബന്ധിച്ച വിവരം ജനറൽ, വികലാംഗർ, വിധവ, പട്ടികജാതി/വർഗം എന്നീ ക്രമത്തിൽ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽ നാളിതുവരെ ഇന്റർവ്യൂവിന് വിളിക്കാത്തതായും മറ്റ് ജോലി ലഭിക്കാത്തതുമായും എത്ര പേരുണ്ടെന്ന് മേൽപറഞ്ഞക്രമത്തിൽ തരം തിരിച്ച് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിൽ അംഗപരിമിതർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം

6904 ശ്രീ. കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടക്കുന്ന നിയമനങ്ങളിൽ അംഗപരിമിതർക്ക് അർഹതപ്പെട്ട മൂന്ന് ശതമാനം നിയമനം നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംഗപരിമിതർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഏതെല്ലാം ജില്ലകളിൽ നടന്നിട്ടുണ്ട്; എത്ര പേരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നിയമിച്ചിട്ടുണ്ട്;

(സി) പാലക്കാട് ജില്ലയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഓരോ വർഷവും നിയമിച്ചിട്ടുള്ളവരുടെ വിശദവിവരം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താല്ക്കാലിക ജോലി ലഭ്യത</u>

6905 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്നവരുടെ എണ്ണം എത്രയുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്ത് 10 വർഷവും അതിൽ കൂടുതലും പിന്നിട്ട് ഒരു ജോലിയും ലഭിക്കാത്തവർ എത്രയുണ്ട് എന്നത് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; ഈ വിഭാഗത്തിന് താൽക്കാലികമായി തൊഴിൽ നൽകാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ

(സി) 2006-2011 കാലയളവിൽ സർക്കാർ ഓരോ വർഷവും എത്ര പേർക്ക് താൽക്കാലികമായി ജോലി നൽകി എന്നും, കൊയിലാണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നു എത്ര പേർക്ക് നൽകിയിട്ടുണ്ടായിരുന്നു എന്നും വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ഓരോ വർഷവും എത്ര പേർക്ക് താൽക്കാലികമായി ജോലി നൽകി എന്നത് വ്യക്തമാക്കാമോ; കൊയിലാണ്ടി എക്സ്ചേഞ്ചിൽ നിന്നും എത്ര പേർക്ക് നൽകി എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>വീട്ടുവേലക്കാർ, ഹോംനഴ്സുമാർ എന്നിവരെക്കുറിച്ചുള്ള പഠനം</u>

6906 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീട്ടുവേലക്കാർ, ഹോംനഴ്സുമാർ എന്നിവരെക്കുറിച്ച് ഒരു ആധികാരിക പഠനം നടത്താൻ തയ്യാറാകുമോ;

(ബി) ഇത്തരം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സേവന-വേതന വ്യവസ്ഥകൾക്കായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>പുനരധിവാസ വകുപ്പിനായി നീക്കിവെച്ച തുക</u>

6907 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് പുനരധിവാസ വകുപ്പിനായി ഓരോ സാമ്പത്തിക വർഷവും എന്തു തുക നീക്കിവെച്ചെന്ന് വിശദമാക്കാമോ;

(ബി) നീക്കിവെച്ച തുകയിൽ ഓരോവർഷവും എന്തു തുക വീതം ഏതെല്ലാം പദ്ധതികൾക്കായി ചെലവഴിച്ചെന്ന് വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും എത്ര പേരെ വീതം പുനരധിവസിപ്പി ച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ഫാക്ടറി തൊഴിലാളികളുടെ വേരിയബിൾ ക്ഷാമബത്ത</u>

6908 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കമ്പനി, ഫാക്ടറി തൊഴിലാളികളുണ്ട്;

(ബി) ഇവർക്ക് ഇപ്പോൾ നൽകുന്ന വേരിയബിൾ ക്ഷാമബത്ത ഏത് വർഷം അടിസ്ഥാനമാക്കിയാണ് കണക്കാക്കുന്നത്;

(സി) വേരിയബിൾ ക്ഷാമബത്ത 2010-11 വർഷം അടിസ്ഥാനമാക്കി പുനർനിർണ്ണയിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത നടപടികൾ പൂർത്തിയാക്കി തൊഴിലാളികൾക്ക് പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്ത എന്ന് ലഭ്യമാക്കും?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>പെരുമ്പാവൂരിൽ പുതിയ ഇ. എസ്. ഐ. ആശുപത്രി</u>

6909 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പെരുമ്പാവൂരിൽ പുതിയ ഇ. എസ്.ഐ. ആശുപത്രി ആരംഭിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ; എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്; ആശുപത്രിക്കുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

(ബി) ആശുപത്രി ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

T6910 ശ്രീ. സി. ദിവാകരൻ
'' മുല്ലക്കര രത്നാകരൻ
'' ജി. എസ്. ജയലാൽ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ട് ; ജില്ല തിരിച്ച കണക്ക് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഈ പദ്ധതിയിൻ കീഴിൽ എത്ര പേർക്ക് ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

**<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായുള്ള കേന്ദ്രസഹായം</u>**

6911 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി 2012-13 വർഷത്തിൽ കേന്ദ്രത്തിൽ നിന്ന് തൊഴിൽ വകുപ്പിന് എത്ര രൂപയുടെ കേന്ദ്രസഹായം ലഭ്യമായി ; എത്ര തുക ചെലവഴിച്ചു ; എന്തിനെല്ലാം ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി 2013-14 വർഷത്തിൽ കേന്ദ്രം എത്ര തുക അനുവദിച്ചു; സംസ്ഥാനം വിഹിതമായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ ;

(സി) 2012-13, 2013-14 വർഷത്തിൽ എത്ര പേർ അംഗങ്ങളായി ; എത്ര തൊഴിലാളികൾക്ക് ആനുകൂല്യം ലഭ്യമായി; വിശദാംശം ലഭ്യമാക്കാമോ ?